**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **21-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 കാലയളവിൽ സപ്ലൈകോ മുഖേന എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്; നെല്ലിന്റെ നിലവിലെ സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2023-24 സീസണിൽ ഇതുവരെ സംസ്ഥാനത്ത് കർഷകരിൽ നിന്ന് 5.57 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023-24 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) 21.83 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 6.37 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള വില 28.32 രൂപ/kg ആണ്. |
| (ബി) | സമയബന്ധിതമായി നെല്ല് സംഭരണം ആരംഭിക്കുന്നതിനും യഥാസമയം കർഷകർക്ക് വില ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | എല്ലാവർഷവും ഒന്നാം വിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർ മാസം മുതലാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. 2023-24 സീസണിൽ സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈകോ മുഖേന തുടങ്ങിയിരുന്നു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താത്പര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താത്പര്യ പത്രം പത്രമാധ്യമങ്ങൾ വഴി പുറപ്പെടുവിച്ചു. നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ സൈറ്റ് കർഷകർക്കായി ആഗസ്റ്റ് ഒന്നുമുതൽ തുറന്നു കൊടുത്തു. നെല്ല് സംഭരിക്കുന്നതിന് 59 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടു നെല്ല് സംഭരിച്ചു വരുന്നു. നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റ് വഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തു.<br><br>*ഇപ്രകാരം രജിസ്റ്റർ ചെയ്ത കൃഷി ഓഫീസറും, സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസറും അംഗീകരിച്ച എല്ലാ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നു. ടി കർഷകരുടെ* |

| | | | |
|---|---|---|---|
| | | | പാടശേഖരങ്ങളിലെ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്ക് തന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട കരാറിലേർപ്പെട്ടമില്ലുകൾ മുഖാന്തിരം നെല്ല് സമയബന്ധിതമായി സംഭരിച്ചു വരുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന 59 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 2023-24 സീസണിൽ നെല്ല് സംഭരണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും നടത്തിവരുന്നു.<br><br>2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകർക്ക് നൽകുന്നതിനായി 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,31,877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുകയാണ്. 163401 കർഷകർക്ക് വിതരണം ചെയ്യുവാനുള്ള 1301.57 കോടി രൂപയുടെ വിവരങ്ങൾ PRS ലോൺ മുഖേന നൽകുന്നതിനായി ബാങ്കിൽ ഹാജരാക്കിയിട്ടുള്ളതും ആയതിൽ 127478 കർഷകർക്ക് 1013.81 കോടി രൂപ 31/05/2024 വരെ ബാങ്കിൽ നിന്നും പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ